"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിൽ പ്രളയ ദുരിതാശ്വാസ ഫണ്ട് ചെലവഴിച്ചതിലെ ക്രമക്കേട്-ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1301/2025/LSGD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.03.2024-ലെ LSGD/PD/28826/2023-VIGC1 നമ്പർ കത്ത്.
2. 25.03.2024-ലെ 169/ഇഡബ്ല്യൂഎ3/2023/തസ്വഭവ നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. ശ്രീമതി.മഞ്ജു പി.വാസു, AEE, അസിസ്റ്റൻറ് എൻജിനീയർ ശ്രീ.സിജി മത്തായി, ഓവർസിയർ ശ്രീ.രാജേഷ് പി.കെ. എന്നിവർ സമർപ്പിച്ച 6.05.25 -ലെ പ്രതിവാദപത്രികകൾ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.24, 03.09.24, 09.01.2025 തീയതികളിലെ LSGD/PD/28826/2023-VIGC1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീ.കെ.എം.നീലാംബരൻ സമർപ്പിച്ച പരാതിയിന്മേൽ കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ "കരിപറമ്പ് തോട് സൈഡ് കെട്ടി സംരക്ഷണം വാർഡ് 5" എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ലഭ്യമായ പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ പറവൂർ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീമതി മഞ്ജു പി.വാസു, കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിംഗ് ഡിവിഷനിലെ ഉദ്യോഗസ്ഥരായ അസിസ്റ്റൻറ് എൻജിനീയർ ശ്രീ.സിജി മത്തായി, ഓവർസിയർ ശ്രീ.രാജേഷ് പി.കെ. എന്നീ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പരാമർശം 2 കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ നല്കി അച്ചടക്കനടപടി ആരംഭിച്ചിട്ടുള്ളതാണ്. കുറ്റാരോപിതർ പരാമർശം 3 പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ "കരിപറമ്പ് തോട് സൈഡ് കെട്ടി സംരക്ഷണം വാർഡ് 5" എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ 1960

ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീമതി മഞ്ജു K.S. (PEN:515539)- നെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു.

3. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാറിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീമതി.മഞ്ജു കെ.എസ്.(പെൻ-515539), എക്സിക്യൂട്ടീവ് എൻജിനീയർ, എറണാകുളം ജില്ലാ പഞ്ചായത്ത് (പരാമർശിത രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ) (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
2. ശ്രീമതി മഞ്ജു പി.വാസു, അസി.എക്സി.എഞ്ചിനിയർ (നിലവിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത്) (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
3. ശ്രീ.സിജി മത്തായി, അസി.എഞ്ചിനിയർ (നിലവിൽ അങ്കമാലി മുനിസിപ്പാലിറ്റി) (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4. ശ്രീ.രാജേഷ് പി.കെ.,ഓവർസിയർ (നിലവിൽ ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത്) (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 26-05-2025 17:34:11
സെക്ഷൻ ഓഫീസർ